**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2552** **21-01-2021 - ൽ മറുപടിയ്ക്ക്**

**സഹകരണമേഖലയിലെ സാന്ത്വനം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി,<br>ശ്രീ. സി. കൃഷ്ണൻ,<br>ശ്രീ.ഡി.കെ.മുരളി | | Shri. Kadakampally Surendran<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുത്ത് കുടിശിക വരുത്തിയവർക്ക് ഒറ്റത്തവണ തീർപ്പാക്കലിലൂടെ വായ്പ തിരിച്ചടയ്ക്കുന്നതിന് ഈ സർക്കാർ നടപ്പാക്കിയ 'സാന്ത്വനം' പദ്ധതി എത്ര പേർക്ക് സഹായകരമായി എന്ന കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ; | (എ) | ലഭ്യമാണ്. കേരള സംസ്ഥാന സഹകരണ ബാങ്ക് നടപ്പിലാക്കിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായ നവകേരളീയം കുടിശ്ശിക നിവാരണം/ കോ ബാങ്ക് സാന്ത്വനം പദ്ധതി പ്രകാരം കുടിശ്ശിക വരുത്തിയ 27290 വായ്പക്കാർക്ക് വായ്പകൾ തിരിച്ചടക്കുന്നതിന് സഹായകരമായിട്ടുണ്ട്. |
| (ബി) | സാധാരണക്കാർക്ക് ഏറെ പ്രയോജനകരമായ പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം തരത്തിലുള്ള വായ്പകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (ബി) | സ്വർണപ്പണയ വായ്പ, നിക്ഷേപ ജാമ്യത്തിന്മേൽ ഉള്ള വായ്പ എന്നിവ ഒഴിച്ച് 50 ലക്ഷം രൂപ വരെയുള്ള മറ്റെല്ലാ വായ്പകളും നവകേരളീയം കുടിശ്ശിക നിവാരണം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 50 ലക്ഷം രൂപക്ക് മുകളിലുള്ള വായ്പകളിൽ കുടിശ്ശിക തീർപ്പാക്കുകയാണെങ്കിൽ പിഴ പലിശ ഒഴിവാക്കി നൽകുന്നതാണ്. |
| (സി) | പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി പ്രത്യേക അദാലത്തുകൾ സംഘടിപ്പിച്ചിരുന്നോ; വിശദാംശം നൽകുമോ? | (സി) | ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി ജില്ലാ തലങ്ങളിൽ/ ശാഖകളിൽ അദാലത്തുകൾ സംഘടിപ്പിക്കാറുണ്ട്. നാളിതുവരെ 825 അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ